**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഉറവൂർ ഗ്രാമപഞ്ചായത്ത് - 2018 -19 വാർഷിക പദ്ധതിയിലുൾപ്പെട്ട പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതി (പ്രോജെക്ട് നമ്പർ .6 /19 )- സി.ബി.എസ്.ഇ. പ്രൈവറ്റ് സ്കൂളിൽ ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിക്ക് പഠനമുറിയ്ക്ക് ധനസഹായം നൽകുന്നത് - അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ) നം. 430/ 2019/തസ്വഭവ    തിരുവനന്തപുരം, തീയതി, 26.02.2019

പരാമർശം :- 1. ഉറവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28.12.2018-ലെ കത്ത് .

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05/ 02/ 2019-ലെ 4.41 നമ്പർ തീരുമാനം .

**ഉത്തരവ്**

ഉറവൂർ ഗ്രാമപഞ്ചായത്തിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ശ്രീ. രാജീവ്,കുമ്പളത്താൻ എന്നയാളുടെ മകൻ മാസ്റ്റർ അഭിനവ് കെ ഉൾപ്പെട്ടിട്ടുണ്ട്. മാസ്റ്റർ അഭിനവ് കെ, സി.ബി.എസ്.ഇ. പ്രൈവറ്റ് സ്കൂളിൽ ഒന്നാം ക്ലാസ്സിലാണ് പഠിക്കുന്നത്. ഈ കുട്ടിക്കു പഠനമുറിയ്ക്ക് ധനസഹായം നൽകി പ്രോജക്ട് നടപ്പാക്കാനുള്ള അനുമതിക്കായി ഉറവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം 1 പ്രകാരം അപേക്ഷിച്ചിരുന്നു.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05.02.2019 ൽ ചേർന്ന യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു പ്രസ്തുത യോഗത്തിന്റെ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, സി.ബി.എസ്.ഇ. പ്രൈവറ്റ് സ്കൂളിൽ ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന മാസ്റ്റർ അഭിനവ് കെക്ക് പഠനമുറിയ്ക്ക് ധനസഹായം (പ്രോജെക്ട് നമ്പർ . 6 /19 )- നൽകാൻ ഉറവൂർ ഗ്രാമപഞ്ചായത്തിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ഉറവൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ